സ്കൂളുകളിലെ പാഠപുസ്തക വിതരണം

97 (1152) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം സ്കൂളുകളിൽ ഒന്നാം ടേമിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്റ്റാന്റേർഡുകളിലെ എത്ര വിദ്യാർത്ഥികൾക്കാണ് ഒന്നാം ടേമിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയാതെ വന്നതെന്ന് വെളിപ്പെടുത്തുമോ ; ക്ലാസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) രണ്ടാം ഘട്ടത്തിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത നടപടികളെടുത്ത വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഭാവിയിൽ പാഠ പുസ്തകങ്ങൾ യഥാസമയം ലഭിക്കാത്ത അവസ്ഥ ആവർത്തിക്കാതിരിക്കാൻ എന്ത നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കെ.ബി.പി.എസ്.-ന്റെ ഇൻഡന്റ് മാനേജ്മെന്റ് സിസ്റ്റം പ്രയോജനപ്പെടുത്തി ടി വെബ്സൈറ്റിൽ സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ നിന്നും ഇൻഡന്റ് ചെയ്യുകയാണ് പതിവ്. ഓരോ സൊസൈറ്റിയുടെയും കീഴിൽ ഒന്നിൽ കൂടുതൽ സ്കൂളുകൾക്കുള്ള പുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്ന പ്രകാരം കെ.ബി.പി.എസ്. പുസ്തകങ്ങൾ അച്ചടിച്ച് തപാൽ സംവിധാനം മുഖേന എത്തിക്കുന്നു. ഈ വർഷം പല സ്കൂളുകളിൽ നിന്നും കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതൽ ഇൻഡന്റ് ചെയ്യുകയും ടൈറ്റിലുകൾ തെറ്റായി ചേർക്കുകയും വഴി ആവശ്യത്തിലധികം പുസ്തകങ്ങൾ ചില സ്കൂളുകൾ കൈപ്പറ്റി. കൂടാതെ തെറ്റായ ഇൻഡന്റ് ചെയ്ത ടൈറ്റിലുകൾ വരെ സ്കൂളുകളിൽ എത്തി. ഇപ്രകാരം വിദ്യാർത്ഥികളുടെ എണ്ണത്തിനും അതിന്റെ അഞ്ച് ശതമാനം അധികവും അനുസരിച്ചുള്ള പുസ്തകങ്ങൾ സ്കൂളുകൾക്ക് മതിയാവാതെ വരുന്ന സ്ഥിതിഗതിയുണ്ടായി. എങ്കിലും കെ.ബി.പി.എസ്.-ന് അഡീഷണൽ പ്രിന്റ് ഓർഡർ നൽകി പുസ്തകം അച്ചടിച്ച് യഥാസമയം വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നാംഘട്ട വിതരണത്തിതലുണ്ടായതുപോലുള്ള പുസ്തകങ്ങളുടെ ലഭ്യത ക്കുറവ് ഇപ്പോൾ ഇല്ല. രണ്ടാം ടേമിലേയ്ക്കുള്ള പുസ്തകങ്ങൾ അച്ചടിക്കുന്നതിന് കൂടുതൽ പ്രിന്റ് ഓർഡർ നൽകിയതിനാൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. എല്ലാ ക്ലാസുകളിലും പുസ്തകങ്ങൾ വിതരണം നടത്തിയിട്ടുണ്ട്.

(സി) സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്ന സംവി ധാനം ശക്തിപ്പെടുത്തി യഥാസമയം പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ഐടി സ്കൂളിൽ നടന്നുവരികയാണ്സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി - അടുക്കള സ്റ്റോർ നിർമ്മാണം

സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി - അടുക്കള സ്റ്റോർ നിർമ്മാണം

98 (1153) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട് അടുക്കള സ്റ്റോർ നിർമ്മാണത്തിനായുള്ള സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാലവിളംബം നേരിടാനിടയായ സാഹചര്യം എന്തായിരുന്നു ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ അടുക്കള സ്റ്റോർ നിർമ്മാണത്തിനായുള്ള പദ്ധതി നിലവിൽ വന്നത് എന്നായിരുന്നു; സംസ്ഥാന സർക്കാർ പ്രൊപ്പോസൽ സമർപ്പിച്ചത് എന്നായിരുന്നു; 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതി മുഖേന എത്ര രൂപ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി ;

(സി) സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകളിൽ അടുക്കള സ്റ്റോർ ആവശ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കാലവിളംബം ഉണ്ടായിട്ടില്ല. എല്ലാ സാമ്പത്തിക വർഷത്തിലും കൃത്യമായി പ്രൊപ്പോസൽ നൽകി വരുന്നുണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ അടുക്കള സ്റ്റോർ നിർമ്മാണത്തിനായുള്ള പദ്ധതി നിലവിൽ വന്നത് 2006-07-ൽ ആയിരുന്നു. 2006-07-ൽ തന്നെ സംസ്ഥാന സർക്കാർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതി മുഖേന സംസ്ഥാനത്തിന് രൂപയൊന്നും ലഭിച്ചിട്ടില്ല.

(സി) 5288 സർക്കാർ സ്കൂളുകളിൽ.

LIBRARY ARCHIVES Kerala Legislative Assembly